കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

അനങ്ങനടി ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ പികെഡി 16-1651/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

തീയതി. 02.09.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

അനങ്ങനടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അനങ്ങനടി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2016-17. സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേക്കും ഭാഗം 3ലെ ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് : 1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3)കാര്യാലയ പകർപ്പ്.

നം.കെഎസ്എ പികെഡി 16-1651/2017 തീയതി. 02.09.2017.

പാലക്കാട് ജില്ലയിലെ അനങ്ങനടിഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18

എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.05.2016 മുതൽ 18.08.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	സുനിൽദാസ്, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	31-7-2017 മുതൽ 8-8-2017വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	അരവിന്ദാക്ഷൻ.കെ.വി,	ഓഡിറ്റ് ഓഫീസർ
	രാമകൃഷ്ണൻ.കെ.പി .	അസി.ഓഡിറ്റ് ഓഫീസർ
	നസീറാബാനു എ	സീനി. ഗ്രേഡ് ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	രഞ്ജിത്ത് കെ	01.04.2016 മുതൽ 31.03.2017വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗസ്ഥർ	പേര്	കാലയളവ്
സെക്രട്ടറി	ഒ.എ.ബാബു	1-4-2016 മുതൽ 31-3-2017 വരെ
അസിസ്റ്റൻറ് എഞ്ചിനിയർ	പ്രഭാകരൻ	1-4-2016 മുതൽ 19-9-2016 വരെ
	അഭിലാഷ് കൃഷ്ണൻ	20-9-2016 മുതൽ 19-3-2017 വരെ
	ശുഭാ.പി.വി	20-3-2017 മുതൽ 31-3-2017 വരെ
അസിസ്റ്റൻറ് സെക്രട്ടറി	ചുരത്തിൽ ഗംഗ	1-4-2016 മുതൽ 31-3-2017 വരെ
വെറ്ററിനറി സർജൻ	ഫാത്തിമ	1-4-2016 മുതൽ 31-3-2017 വരെ
കൃഷി ഓഫീസർ	സരിത.വി.എസ്	1-4-2016 മുതൽ 31-3-2017 വരെ
വി.ഇ.ഒ	പരമേശ്വരൻ	1-4-2016 മുതൽ 31-3-2017 വരെ

മെഡിക്കൽ ഓഫീസർ(ആയൂർവേദം)	സിനി ജോർജ്	1-4-2016 മുതൽ 31-3-2017 വരെ
മെഡിക്കൽ ഓഫീസർ(ഹോമിയോ)	കെ.ടി.ഷെരീന	1-4-2016 മുതൽ 31-3-2017 വരെ
മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	ഗിരിജ സജീവ്	1-4-2016 മുതൽ 26-7-2016 വരെ
	ജോർജ് മരിയൻ കുറ്റിക്കാട്ട്	27-7-2016 മുതൽ 31-3-2017 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	നസീമ	1-4-2016 മുതൽ 31-3-2017 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ	പേജ് നമ്പർ
1	ബജറ്റ്	1-1	
2	വാർഷിക ധനകാര്യപത്രിക.	1-2	
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	1-3	
4	സാമ്പത്തിക വിശകലനം	1-4	
5	ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)	1-5	
6	പദ്ധതി അവലോകനം.	1-6	
7	തനത് വരുമാനം.	1-7	
8	സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ	1-8	

	കാര്യപ്രാപ്തി.		
9	ക്യാഷ് വെരിഫിക്കേഷൻ	1-9	
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10	
	ഭാഗം 2		
11	ഓഡിറ്റ് ഇംപാക്ട്	2-1	
12	മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല	2-2	
13	വസ്തുനികുതി പുനർനിർണ്ണയം നടത്തി ക്രമീകരിക്കേണ്ടതാണ്	2-3	
14	അനതികൃതമായി ലൈസൻസില്ലാതെ വാണിജ്യ സ്ഥപനങ്ങൾ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	2-4	
15	ഒരു ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയിരിക്കുന്നത് ക്രമപ്രകാരമല്ല	2-5	
16	തനത് വരുമാനം വർദ്ധിപ്പിക്കുവാൻ -സേവന ഉപനികുതി ചുമത്താവുന്നതാണ്	2-6	
	ഭാഗം 3		
17	സിമന്റ് കോൺക്രീറ്റിങിന് ആവശ്യമായ അളവിൽ സിമന്റ് വാങ്ങിയില്ല	3-1	
18	കൺവീനർ പ്രവൃത്തികൾക്ക് ചെലവിന്റെയും നടപടിക്രമങ്ങളുടെയും രേഖകൾ ഹാജരാക്കിയില്ല	3-2	
19	കിളച്ചെടുത്ത മണ്ണ് പ്രയോജനപ്പെടുത്തിയില്ല	3-3	
20	കുടിവെള്ള പദ്ധതി- ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങിയത് അനുവദിക്കുന്നില്ല	3-4	
21	റോഡ് നിർമ്മാണ പ്രവൃത്തികളിൽ പ്രദർശന ബോർഡിനുള്ള തുക കൈപ്പറ്റിയെങ്കിലും ബോർഡ് സ്ഥാപിച്ചില്ല	3-5	
22	സമഗ്ര നെൽകൃഷി വികസനം-നെൽവിത്ത് വിതരണം ചെയ്തതിൽ കുറവ് - 2400 രൂപയുടെ ചെലവ് നിരാകരിക്കുന്നു	3-6	
23	ഉഴവ്കൂലി -പഞ്ചായത്ത് വിഹിതം കർഷകർക്ക് നനൽകിയിട്ടില്ല.	3-7	
24	പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.	3-8	

25	ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത് - അർഹമായ മുഴുവൻ തുകയും വകയിരുത്തിയിട്ടില്ല	3-9	
26	തെരുവു വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല	3-10	
27	KSEB ഡെപ്പോസിറ്റ് പ്രവർത്തികൾ-ബാക്കി തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.	3-11	
28	കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല.	3-12	
29	തൊഴിൽ ചെയ്യുന്നതിന് ഇരുചക്രവാഹനം നൽകൽ - മാർഗരേഖയിൽ അധികരിച്ച് സബ്സിഡി തുക വകയിരുത്തി, വിനിയോഗിക്കാത്ത തുക സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.	3-13	
	ഭാഗം 4		
30	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1	
31	നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2	
32	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്	4-3	
33	വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.	4-4	
34	സ്ഥിരനിക്ഷേപങ്ങൾ	4-5	
35	ഓഡിറ്റ് റിക്കവറി	4-6	
36	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7	
37	ഓഡിറ്റ് പ്രത്യവലോകനം	4-8	
38	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9	
39	ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം	

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2016-17 ലെ ബജറ്റ് പാസ്സാക്കിയ	1/ 16.3.2016

നം./തിയ്യതി	

1-2 വാർഷിക ധനകാര്യപത്രിക.

സാമ്പത്തിക വർഷം	ഓഡിറ്റിൽ ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2016-17	31.7.2017	11 .7.2017

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെട്ടുത്തിയിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

മുൻബാക്കി	8170958
വരവ്	37008466
ആകെ	45179424
ചെലവ്	33115075
നീക്കിബാക്കി	12064349

1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി	അനുവദിച്ചതുക	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട് (ജനറൽ)	0	9424632	9424632	7892481	1532151
വികസന ഫണ്ട്(എസ്.സി.പി)	0	7377489	7377489	4354165	3023324
വികസനഫണ്ട്(ടി.എസ്.പി)	0	0	0	0	0
സംരക്ഷണ ഗ്രാന്റ് (റോഡ്)	0	1408419	1408419	297628	1110791
സംരക്ഷണ ഗ്രാന്റ്	0	2554755	2554755	1186915	1367840

(റോഡിതരം)					
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	5285522	5285522	2738841	2546681
ലോക ബാങ്ക് സഹായം	0	2767891	2767891	610564	2157327
ആകെ		28818708	28818708	17080594	11738114

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽനിന്നും തൻവർഷം ലഭിച്ച തുകകളിൽ 40.73% തുകയും (1.17 കോടി രൂപ)ചെലവഴിക്കാൻ കഴിഞ്ഞില്ല. ആസൂത്രണം ചെയ്ത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമം ആവശ്യമാണ്. ലഭ്യമാകുന്ന തുകകളെ പരമാവധി പ്രയോജനപ്പെടുത്തുകയും പഞ്ചായത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത്	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി ചെലവ്	നടപ്പാക്കാത്തവ	ചെലവ് ശതമാനം
139	38590184	84	19259426	55	49.91

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ	ചെലവഴിച്ച തുക	ചെലവ് ശതമാനം
സെക്രട്ടറി	11	8	3428557	1777016	51.8%
അസി.സെക്രട്ടറി	6	5	2312789	1994580	86.24%
അസി.എഞ്ചിനീയർ	99	51	17290338	5728736	33.13%
കൃഷി ഓഫീസർ	3	3	2086300	1209312	57.9%
വെറ്ററിനറി സർജൻ	5	5	2620000	818000	31.22%
പി.എച്ച്.സി അലോപ്പതി	1	1	300000	297191	99%
ആയുർവ്വേദം	1	1	500000	500000	100%
ഹോമിയോ	1	1	250000	250000	100%
ഐ.സി.ഡി.എസ് സൂപ്പർവൈസർ	5	5	3921800	3830191	97.66%

വി.ഇ.ഒ	7	4	5880400	2854400	48.54%
ആകെ	139	84	38590184	19259426	49.9%

പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ വികസനം ലക്ഷ്യം വെച്ച് അതാതു മേഖലകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പ്രോജക്ടുകൾ ആവിഷ്ക്കരിക്കുമ്പോൾ അവ നടപ്പിലാക്കേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കുണ്ട്. ഇപ്രകാരം 139 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 55പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കിയ 84 പദ്ധതികൾക്കായി 49.9% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മെഡിക്കൽ ഓഫീസർ അലോപ്പതി, മെഡിക്കൽ ഓഫീസർ ആയുർവ്വേദം, മെഡിക്കൽ ഓഫീസർ ഹോമിയോ, , ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ 80% ൽ കൂടുതൽ തുക ചെലവഴിച്ചപ്പോൾ വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ, വി.ഇ.ഒ എന്നിവർ 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ലഭിക്കുന്ന ഫണ്ടിനനുസരിച്ച് പരമാവധി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-7 തനത് വരുമാനം.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	%(+)/(-)
നികുതി വരവുകൾ	2703009	4518526	1815517	67(+)
നികുതിയേതര വരവുകൾ	564703	639305	74602	13.2(+)
ആകെ	3267712	5157831	1890119	57.84(+)

1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

ക്രമ നം.	പദ്ധതി	2016-17 ൽ ലഭിച്ച അപേക്ഷകൾ	നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ	നിരസിച്ചവ	കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം.
1	കർഷകത്തൊഴിലാളി പെൻഷൻ	8	4	4	
2	തൊഴിൽ രഹിത വേതനം	2	0	2	
3	വിധവാ പെൻഷൻ	77	77	0	

4	വികലാംഗ പെൻഷൻ	11	8	3	
5	അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	12	11	1	
6	വാർദ്ധക്യകാല പെൻഷൻ	428	275	153	

1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.08.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 4253 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ക്രമ നം	ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയ്യതി	ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ
1	പെർഫോമൻസ് ഓഡിറ്റ്	8.5.2017മുതൽ 9.5.2017 വരെ	1.3.2017മുതൽ 30.4.2017 വരെ	19.7.2017	ഇല്ല
2	അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ്	23.1.2016 മുതൽ 6.2.2016 വരെ	2010-11 മുതൽ 2014-15 വരെ	4.3.2016	ഇല്ല

ഭാഗം-2

വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഓഡിറ്റ് ഇംപാക്ട്-തൊഴിൽ നികുതി ഈടാക്കാൻ ബാക്കിയുള്ളവ ഈടാക്കി

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. 15/4-8-2017 നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയതിന്, ഓഡിറ്റ് കാലയളവിൽ തന്നെ പരാമർശിച്ച എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയായ 2970 രൂപ ഈടാക്കി, രശീതിയുടെ പകർപ്പുകൾ സഹിതം ഓഡിറ്റിന് ഹാജരാക്കി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	പേര്, തസ്തിക	ഈടാക്കിയ തൊഴിൽ നികുതി	രശീതി നമ്പർ
1	ശ്രുതി	600	117040102045/ 8-8-2017
2	ദിവ്യ	1350	117040102044/ 8-8-2017
3	ബിജു	420	117040102046/ 8-8-2017
4	അബ്ദുൾ റഹ്മാൻ	600	117040102047/ 8-8-2017
5	ആകെ	2970	

എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന 4 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	ടവർ നടത്തുന്ന ഏജൻസി
1	13/217A	ഐഡിയ
2	14/390	ഇൻഡസ് ടവർ
3	2/332	ഇൻഡസ് ടവർ

4	9/286	ഇണ്ടസ് ടവർ

മേൽ ടവറുകളുടെ ഇൻസ്റ്റലേഷൻ നടത്തിയ വിവരങ്ങൾ, ഈടാക്കിയ വസ്തു നികുതി എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 19/5-8-2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും , സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾക്കും, വസ്തു നികുതിയുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്കും വിധേയമായി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് മുൻതൂക്കം നൽകി മേൽ ടവറുകളുടെ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മൊബൈൽ ടവറുകൾക്ക് കംപ്ലീഷൻ തീയതി മുതൽ വസ്തു നികുതി ഈടാക്കേണ്ടതും അംഗീകൃത പെർമിറ്റ് ഇല്ലാത്തവയ്ക്ക് ചട്ടപ്രകാരമുള്ള റെഗുലറൈസേഷൻ ഫീ ഈടാക്കി പെർമിറ്റ് അനുവദിക്കാവുന്നതാണ്.

2-3 വസ്തുനികുതി പുനർനിർണ്ണയം നടത്തി ക്രമീകരിക്കേണ്ടതാണ്

07.08.2017-ാം തീയതിയിൽ ഓവർസിയർ ശ്രീ.ഷിബു.എം വി,ബിജു.കെ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം പഞ്ചായത്തിലെ 3 ഓഡിറ്റോറിയങ്ങൾ നേരിൽ പരിശോധിച്ചതിൽ കണ്ടെത്തിയ വസ്തുതകൾ താഴെ ചേർക്കുന്നു.

കെട്ടിട നം., ഓഡിറ്റോറിയം	സഞ്ചയയിലെ ഫോം 6 പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ)	നിരീക്ഷണം
1/324 ദിൽന ഓഡിറ്റോറിയം	താഴത്തെനില- 862.33 ച.മീ	ഏകദേശം 1200 ച. മീ വിസ്തീർണ്ണമുള്ള കെട്ടിടം , ഡൈനിംഗ് ഹാൾ എന്നിവ ഉൾപ്പെടുന്ന ഒറ്റ നിലയിലുള്ള കെട്ടിടമാണ് പ്രവർത്തിക്കുന്നത്
2/407 കെ.എം.ഓഡിറ്റോറിയം	താഴത്തെനില – 1227.05 ച.മീ	താഴത്തെ നിലയുടെ അതെ വിസ്തീർണത്തിലുള്ള ഒന്നാം നിലയും, രണ്ടാം നിലയും, ബാൽക്കണിയിലുമായി പ്രവർത്തിക്കുന്നു. കെട്ടിടത്തിനോടടുത്ത് ഏകദേശം 100 ച.മീ

		വിസ്തീർണത്തിലുള്ള ട്രസ് വർക്ക് ചെയ്ത് ഭാഗവും കാണപ്പെടുന്നുണ്ട്
9/286 ആയുർവേദ ക്ലിനിക്ക്	താഴത്തെനില -56 ച.മീ	രണ്ടു നിലകളിലായി പ്രവർത്തിക്കുന്നു.

കെ.എം.ഓഡിറ്റോറിയം

മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയരേഖകളിൽ കെട്ടിടങ്ങളുടെ മുഴുവൻ ഭാഗങ്ങളും നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട് 5 കെട്ടിടങ്ങൾ പരിശോധിച്ചതിൽ മേൽ പറഞ്ഞ 3 കെട്ടിടങ്ങളിലും വസ്തുനികുതിയിൽ മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളത് ബോധ്യപ്പെട്ടതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാസഗൃഹങ്ങൾ, വാണിജ്യസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായവയുടെ വസ്തു നികുതി പുനപരിശോധിക്കേണ്ടതും, അവയിലെ മാറ്റങ്ങൾക്ക് വിധേയമായി വസ്തു നികുതി പുനർ നിർണ്ണയം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വസ്തുനികുതി ചുമത്തിയ ഭാഗങ്ങൾ ഒഴികെയുള്ളവ അംഗീകൃത പെർമിറ്റ് പ്രകാരമാണോയെന്ന് പരിശോധിക്കേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2-4 ലൈസൻസില്ലാതെ വാണിജ്യ സ്ഥപനങ്ങൾ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പരിശോധനാവിധേയമാക്കേണ്ടതാണ്

വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം സ്ഥിതി ചെയ്യുന്ന

കെട്ടിടങ്ങളുടെ എണ്ണം സംബന്ധിച്ച സംക്ഷിപ്തം താഴെ കൊടുക്കുന്നു.

വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ഗോഡൌണുകൾ	906
വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200;ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ഗോഡൌണുകൾ	14
വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ ന മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ഗോഡൌണുകൾ	2
ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ	5
വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ /പിരിഷെഡ്	57
ഇതര വ്യവസായ ആവശ്യത്തിനുള്ള	18
ആകെ	1002

2016-17 സാമ്പത്തിക വർഷത്തിൽ ആകെയുള്ള 1002 വാണിജ്യസ്ഥാപനങ്ങളിൽ ഡി& ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 253 എണ്ണം മാത്രമാണ്. 749 വാണിജ്യ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒഴിവാക്കിയാൽ തന്നെ ഏകദേശം 75% ൽ കൂടുതൽ അനധികൃതമായി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് കാണാം.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 21/8-8-2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിലുള്ള കെട്ടിടങ്ങളിൽ പലതും ഓഫീസ് ആവശ്യത്തിനു വേണ്ടി ഉപയോഗിക്കുന്നതും, ചില കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മേൽ വസ്തുതകൾ വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുകയും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2-5 ഒരു ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയിരിക്കുന്നത് ക്രമപ്രകാരമല്ല

സ.ഉ(എം.എസ്)നം. 358/15/ത.സ്വ.ഭ.വ തിയതി 16.02.2015, സ.ഉ(എം.എസ്)നം. 144/15 /ത.സ്വ.ഭ.വ തിയതി 27.4.2015, എന്നിവ പ്രകാരം 660 ചതുരശ്ര അടിയിൽ താഴെയുള്ള വാസ ഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഒരു ഉടമസ്ഥന്റെ ഒരു കെട്ടിടത്തിനു മാത്രമേ നികുതിയിളവ് അനുവദിക്കാവൂ എന്നും കെട്ടിട ഉടമസ്ഥർ അപേക്ഷയോടൊപ്പം സത്യവാങ്മൂലം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ ആകെയുള്ള 15 വാർഡുകളിൽ 273 വ്യക്തികൾക്കാണ് ഓഡിറ്റ് കാലയളവിൽ നികുതി ഒഴിവാക്കി നൽകിയിരിക്കുന്നത്. താഴെ കാണിച്ചിട്ടുള്ള വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയതായി കാണപ്പെട്ടു.

ക്രമ നമ്പർ	കെട്ടി നമ്പർ	ഉടമസ്ഥൻ
2	12/144, 12/145	രാധാകൃഷ്ണൻ നായർ
4	14/342,14/343	ഉണ്ണിരാമൻ എഴുത്തച്ഛൻ

20/8-8-2017 ലെ ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1 ലെ 12/144 നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥനായ ശ്രീ. രാധാകൃഷ്ണൻ നായർ വിമുക്തഭടനായതുകൊണ്ട് ടി കെട്ടിടത്തിന്റെ വസ്തു നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടെന്നും, എന്നാൽ ടിയാന്റെ ഉടമസ്ഥതയിലുള്ള 12/145 -ാം നമ്പർ കെട്ടിടത്തിനു വസ്തു നികുതി ചുമത്തിയതായി രേഖകൾ ലഭ്യമല്ലാത്തതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി പൂജ്യമായി ഉൾപ്പെടുത്തുകയാണുണ്ടായത് എന്നും അറിയിച്ചു. ക്രമ നമ്പർ 2 ലെ 14/342 ാം നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥനായ ശ്രീ. ഉണ്ണിരാമൻ എഴുത്തച്ഛൻ വിമുക്തഭടനായതുകൊണ്ട് ടി കെട്ടിടത്തിന്റെ വസ്തു നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടെന്നും, എന്നാൽ ടിയാന്റെ ഉടമസ്ഥതയിലുള്ള 14/343 -ാം നമ്പർ കെട്ടിടം വീടിനോടനുബന്ധിച്ച് സ്ഥിതി ചെയ്യുന്ന കെട്ടിടമായതു കൊണ്ട് നികുതി ഒഴിവാക്കിക്കാണുന്ന എന്നുമാണ് അറിയിച്ചത്.

മേൽ പറഞ്ഞ 2 കെട്ടിടങ്ങൾ പരിശോധന നടത്തി വസ്തു നികുതി ചട്ടങ്ങൾക്ക് വിധേയമായി

നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ് .

2-6 തനത് വരുമാനം വർദ്ധിപ്പിക്കുവാൻ -സേവന ഉപനികുതി ചുമത്താവുന്നതാണ്

ഒരു ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1)പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഏതോരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രൈനേജ്ജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

ശുചിത്വ പരിപാലനത്തിനു 4 % ലും

ജല വിതരണത്തിനു 3% ലും

തെരുവ് വിളക്ക് 2% ലും

ഡെയിനേജ് 1% ലും കുറയാത്ത തുക

{2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടങ്ങൾ 26,27}

ഗ്രാമപഞ്ചായത്തിലെ ശുചിത്വം, ജലവിതരണം, തെരുവ് വിളക്ക് എന്നീ മേഖലകളിൽ കാലാകാലങ്ങളിൽ നല്കി വരുന്ന സേവനങ്ങൾ കണക്കിലെടുത്ത് മേൽ പ്രകാരം സേവന ഉപനികുതി ചുമത്താവുന്നതാണ്. പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിധേയമായി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 കൺവീനർ പ്രവൃത്തികൾ സിമന്റ് കോൺക്രീറ്റിംങിന് ആവശ്യമായ അളവിൽ സിമന്റ് വാങ്ങിയതിന്റെ രേഖകളില്ല

എ.പദ്ധതിയുടെ പേര് : നെല്ലറക്കാട് റോഡ് കോൺക്രീറ്റിങ് പ്രൊജക്ട് നം. : 79/17

അടങ്കൽ : 200000

ചെലവ് : 195697

എഗ്രിമെന്റ് നം : 40/16-17/AE/18.2.2017

ബിൽ നം : 17/16-17/30.3.2017

എം.ബുക്ക് നം :18/16-17

കൺവീനർ : മുഹമ്മദ് ഷാ

മേൽ എം. ബുക്കിലെ ഇനം 3 പ്രകാരം 40 mm മെറ്റൽ ഉപയോഗിച്ച് 1:2:4അനുപാദത്തിൽ 26.10 m3 അളവിൽ കോൺക്രീറ്റിങ് പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി 6938/m3 രൂപ നിരക്കിൽ 181104.25 രൂപ അനുവദിച്ചിട്ടുണ്ട്. 26.10 m3 അളവിൽ കോൺക്രീറ്റിങ് പ്രവൃത്തി ചെയ്യാൻ ആവശ്യമായ സിമന്റ് 8352 കി (26.10x320)ആണെന്നിരിക്കെ ലഭ്യമാക്കിയ ബില്ല് പ്രകാരം (മുബാറക് ഏജൻസീസ്, ചെർപ്പുള്ളശ്ശേരി TIN 32091012382)8250 കി.ഗ്രാം സിമന്റാണ് വാങ്ങിയിട്ടുള്ളത്. ഇത്രയും സിമന്റ് കൊണ്ട് ചെയ്യാവുന്ന പ്രവൃത്തിയുടെ അളവ് 25.78m3 മാത്രമാണ്(8250/320=25.78). ആയതിനാൽ ചെയ്യാത്ത 0.32m3 (26.1-25.78=.32) അളവ് പ്രവൃത്തിയ്ക്കുവേണ്ടി 2220 രൂപ നൽകിയത് ക്രമപ്രകാരമല്ല. മേൽ തുക അന്വേഷണ വിധേയമായി തടസ്സത്തിൽ വെയ്ക്കുന്നു

ബി).പദ്ധതിയുടെ പേര് : ചിറയിൽപടി കോളനി റോഡ് കോൺക്രീറ്റിങ്& പാർശ്വഭിത്തി നിർമ്മാണം

പ്രൊജക്ട് നം . : 86/17

അടങ്കൽ : 300000

ചെലവ് : 296332

എഗ്രിമെന്റ് നം : 32/16-17/AE/16.2.2017

ബിൽ നം : 28/16-17/30.3.2017

എം.ബുക്ക് നം :39/16-17

കൺവീനർ : അജീഷ്

മേൽ എം. ബുക്കിലെ ഇനം 3 പ്രകാരം 40 mm മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാദത്തിൽ 33.08 m3 അളവിൽ കോൺക്രീറ്റിങ് പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി 6938.86/m3 രൂപ നിരക്കിൽ 229537.49 രൂപ അനുവദിച്ചിട്ടുണ്ട്. 33.08 m3 അളവിൽ കോൺക്രീറ്റിങ് പ്രവൃത്തി ചെയ്യാൻ ആവശ്യമായ സിമന്റ് 10585.6 കി (33.08x320=10585.6)ആണെന്നിരിക്കെ ലഭ്യമാക്കിയ ബില്ലുകൾ (ഇൻവോയ്സ് നം.41361 തീ.1.3.2017 എ.കെ.മുഹമ്മദ്, സോനാ ഏജൻസീസ്, ശ്രീകൃഷ്ണപുരം TIN 32091023935)പ്രകാരം 4500കി.ഗ്രാം (90 ചാക്ക്) സിമന്റും ഇൻവോയ്സ് നം.41361 തീ.1.3.2017 എ.കെ.മുഹമ്മദ്,സോനാ ഏജൻസീസ്,ശ്രീകൃഷ്ണപുരം TIN 32091023935പ്രകാരം 4600കി.ഗ്രാം (92 ചാക്ക്) സിമന്റും ചേർത്ത് ആകെ 9100 കി.ഗ്രാം സിമന്റാണ് വാങ്ങിയിട്ടുള്ളത്. ഇത്രയും സിമന്റ് കൊണ്ട് ചെയ്യാവുന്ന പ്രവൃത്തിയുടെ അളവ് 28.44m3മാത്രമാണ്(9100/320=28.44m3). ആയതിനാൽ ചെയ്യാത്ത 4.64m3 (33.08-28.44=4.64) അളവ് പ്രവൃത്തിയ്ക്കുവേണ്ടി 32196.3 രൂപ നൽകിയത് ക്രമപ്രകാരമല്ല. ഇൻവോയ്സ് നം.41361/1.3.2017 പ്രകാരമുള്ള ബില്ലിൽ 90 ചാക്ക് സിമന്റ് 361 രൂപ നിരക്കിൽ 32490 രൂപയും 14.5% നികുതിയായ 4711 എന്നത് 20 ചാക്ക് സിമന്റ് എന്നും 82490 രൂപ എന്നും തിരുത്തിയിട്ടുണ്ടെങ്കിലും നികുതി തുക 4711 രൂപ തന്നെയാണ് ബില്ലിൽ ഉള്ളത്. കൂടാതെ ഇൻവോയ്സ് നം.41457/7.3.2017 പ്രകാരമുള്ള ബില്ലിൽ 92 ചാക്ക് സിമന്റ് 361 രൂപ നിരക്കിൽ 33212 രൂപയും 14.5% നികുതിയായ 4816 എന്നത് 192 ചാക്ക് സിമന്റ് എന്നും 83212 രൂപ എന്നും തിരുത്തിയിട്ടുണ്ട്. എന്നാൽ നികുതി തുക 4816 രൂപതന്നെയാണ്. പരസ്പര ബന്ധമില്ലാത്തതരത്തിൽ തിരുത്തൽ നടത്തി ചെലവു തുകയിലേക്കും ആവശ്യമായ സിമന്റിന്റെ അളവിലേക്കും എത്തിക്കുന്നതിനായി കൺവീനർ ശ്രമിച്ചിട്ടുള്ളത് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കാത്തത് കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു.മേൽ അപാകത്തിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10/16-17/4.8.2017), 19/16-17 /8.8.2017 പ്രദേശവാസികളിൽ നിന്നും തുക സമാഹരിച്ച് എം.ബുക്കിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടിയ അളവിൽ ചെയ്തിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഇവ തൃപ്തികരമല്ലാത്തതിനാൽ അധികം നൽകിയ34416 (2220+32196) രൂപയുടെ ചെലവ് അന്വേഷണ വിധേയമാക്കേണ്ടതും യുക്തമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അതുവരെ അധികം നൽകിയ 34416 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

3-2 കൺവീനർ പ്രവൃത്തികൾക്ക് ചെലവിന്റെയും നടപടിക്രമങ്ങളുടെയും രേഖകൾ ഹാജരാക്കിയില്ല

കൺവീനർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സിമന്റ്, കമ്പി, ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ,ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങുവാൻ പാടുള്ളൂ എന്നും ഇവയുടെ

ഒറിജിനൽ ബിൽ ഹാജരാക്കണമെന്നും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിക്കുമ്പോൾ സിമന്റ് വാങ്ങിയതിന് TIN നമ്പർ രേഖപ്പെടുത്തിയ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല. കൂടാതെ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൌണ്ട് തുടങ്ങുകയോ ചെലവുകൾ അക്കൌണ്ടിലൂടെ നിർവ്വഹിക്കുകയോ ചെയ്തിട്ടില്ല. വരവു ചെലവു കണക്കുകൾ സമിതിയിൽ അവതരിപ്പിച്ചിട്ടില്ല. കൺവീനർ പ്രവൃത്തിക്ക് അവശ്യം വേണ്ട നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് പഞ്ചായത്തിലെ മിക്ക പദ്ധതികളും നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമനം	പദ്ധതിയുടെ പേര്	അടങ്കൽ	ചെലവ്	ബിൽ നമ്പർ
1	കുമുള്ളിൻകാട് അങ്കണവാടി സംരക്ഷണം (13/17)	243261	243261	1/16-17/ 22.9.2016
2	ഗണപതിപ്പാറ അങ്കണവാടി കള്ളിവളപ്പിൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ (9/17)	200000	194189	2/16-17/ 22.9.2016
3	കല്ലുവെട്ടുകുഴി കൊട്ടിലിങ്ങൽ പാലക്ക പറമ്പ് റോഡ് കോൺക്രീറ്റിങും പാർശ്വഭിത്തി നിർമ്മാണവും (78/17)	250000	247030	16/16-17 31.3.2017
4	ചേവയിൽ ചിന്നമുതലി റോഡ് കോൺക്രീറ്റിങ് (142/17)	100000	99123	18/16-17 /31.3.2017
5	ഊട്ടുകുളം കനാൽ റോഡ് കോൺക്രീറ്റിങ്, പാർശ്വഭിത്തി നിർമ്മാണം	250000	221171	23/16-17 31.3.2017

	(73/17)			
6	കുന്നംപറമ്പത്ത് ഇടവഴി സഞ്ചാരയോഗ്യമാക്കൽ (99/17)	50000	49302	24/16-17 /31.3.2017
7	പ്ലാക്കാട്ടുകളം റോഡ് കോൺക്രീറ്റിങ് (137/17)	300000	294997	25/16-17 31.3.2017
8	പാലക്കോട്ടുകളം കോളനി റോഡ് കോൺക്രീറ്റിങ് (94/17)	200000	196323	26/16-17 31.3.2017
9	മലോർമ്മക്കാവ് ഇടവഴി കോൺക്രീറ്റിങ് (69/17)	150000	127276	27/16-17 31.3.2017
10	ചിറയിൽപടി കോളനി കോൺക്രീറ്റിങ്,പാർശ്വ ഭിത്തി നിർമ്മാണം	300000	279557	28/16-17 31.3.2017
	ആകെ		1952229	

ഒറിജനൽ ബിൽ ഹാജരാക്കാതെതന്നെ തുക മുഴുവനും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം.9/16-17/4.8.2017 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല ആയതിനാൽ. ഈയിനത്തിലെ ചെലവു തുക 1952229 രൂപയിൽ ക്രമ നമ്പർ 9 ലെ പ്രവൃത്തിയിൽ ബോർഡ് സ്ഥാപിക്കാത്തതിനാൽ നിരാകരിച്ച 7000 രൂപ (ഖണ്ഡിക 3-5 കാണുക). കുറവു ചെയ്ത് ബാക്കി തുകയായ 1945229 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-3 കിളച്ചെടുത്ത മണ്ണ് പ്രയോജനപ്പെടുത്തിയില്ല

എ.പദ്ധതിയുടെ പേര് : ചേർമ്പറ്റകാവ് - അനങ്ങനടി റോഡ് സൈഡ് പ്രൊട്ടക്ഷൻ

പ്രൊജക്ട് നം. : 26/16

അടങ്കൽ : 50000

ചെലവ് : 49774

എഗ്രിമെന്റ് നം : 64/15-16/AE/29.1.2016

ബിൽ നം : 19/16-17/31.3.2017

എം.ബുക്ക് നം :151/15-16

കൺവീനർ : കൃഷ്ണൻകുട്ടി

മേൽ എം.ബുക്കിലെ ഇനം 1 പ്രകാരം 7.75 m3 മണ്ണ് കിളച്ചെടുത്തത് നിലവിലിരിക്കെ ഇനം 5 പ്രകാരം 23.25 m3 മണ്ണ് ഫില്ലിങ്ങിനുവേണ്ടി ഉപയോഗിച്ചതിന് 449/m3 നിരക്കിൽ 10439 രൂപ അനുവദിച്ചിട്ടുണ്ട്. കിളച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താത്തതിനാൽ 3480 രൂപ നഷ്ടം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/16-17 /4.8.2017) മറുപടി സമർപ്പിച്ചതിൽ മണ്ണ് ചീഞ്ഞ മണ്ണാണെന്നും എം.ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അറിയിച്ചിട്ടുണ്ട്. സൈഡ് പ്രൊട്ടക്ഷൻ നടത്തുന്നതിനുവേണ്ടി 0.30 മീറ്റർ മുകളിലേക്ക് കെട്ടിയ ഭാഗം നികത്തുന്നതിന് ഈ മണ്ണ് പ്രയോജനപ്പെടുത്താവുന്നതാണ്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല.തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-4 കുടിവെള്ള പദ്ധതി- ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങിയത് അനുവദിക്കുന്നില്ല

പദ്ധതിയുടെ പേര് : പനമണ്ണ പത്തായം കുടിവെള്ളപദ്ധതി

പ്രൊജക്റ്റ് നം. : 29/17

അടങ്കൽ : 203000

ചെലവ് : 182395

എഗ്രിമെന്റ് നം : 72/15-16/AE/4.3.2016

ബിൽ നം : 24/16-17/31.3.2017

എം.ബുക്ക് നം :30/16-17

കൺവീനർ : അബ്ദുൾ ലത്തീഫ്

മേൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 120 മീറ്റർ ആഴത്തിൽ 150 mm വ്യാസമുള്ള കുഴൽകിണർ കുഴിക്കുകയും 5 HP മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മോട്ടോറും അനുബന്ധ സാധനങ്ങളും സ്ഥാപിച്ചതിന് ഭാരത് ഇലക്ട്രിക്കൽസ്, പട്ടാമ്പി എന്ന സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയതിൽ മോട്ടോറിന് 22000 രൂപയും അനുബന്ധ സാധനങ്ങൾക്ക് 65535 രൂപയും നികുതികൾ 4704 രൂപയും ചേർത്ത് ആകെ 90239 രൂപ ഉൾപ്പെടുത്തുകയും 90000രൂപ ഇനം 4 പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 120m ആഴമുള്ള കുഴൽ കിണറിനടുത്തായാണ് മോട്ടോർ ഷെഡ് സ്ഥിതിചെയ്യുന്നത് എന്നതിനാൽ 130m നീളത്തിൽ കൂടുതൽ കോപ്പർ വയർ ആവശ്യമില്ലെന്നിരിക്കെ 170m കോപ്പർ വയർ 65രൂപ/m നിരക്കിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ക്രമപ്രകാരമല്ല. അതേ സമയം പൂമരം കോളനി കുടിവെള്ളപദ്ധതിക്കുവേണ്ടി (പ്രൊ.23/17) 123 മീറ്റർ ആഴത്തിൽ 150 mm വ്യാസമുള്ള കുഴൽകിണർ കുഴിക്കുകയും 3 HP മോട്ടോർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. മോട്ടോറും അനുബന്ധ സാധനങ്ങളും സ്ഥാപിച്ചതിന്

കുമാർ & കമ്പനി, ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയതിൽ മോട്ടോറിന് 16666.67 രൂപയും അനുബന്ധ സാധനങ്ങൾക്ക് 35076.93 രൂപയും നികുതികൾ 3256.41 രൂപയും ചേർത്ത് ആകെ 55000 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരേ ആഴത്തിൽ മോട്ടോർ സ്ഥാപിക്കുന്ന സംഗതികളിൽ മോട്ടോറിന്റെ വിലയിൽ മാത്രമേ വ്യത്യാസം ഉണ്ടാകുന്നുള്ളൂ എന്നിരിക്കെ പനമണ്ണ പത്തായം കുടിവെള്ള പദ്ധതിയിൽ അനുബന്ധ സാധനങ്ങൾക്ക് 65535 രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല.

കോപ്പർ കേബിൾ അധികമായി 40 മീറ്റർ വാങ്ങിയതിനാൽ ചെലവായ 2600 (40x 65=2600)രൂപയും മേൽ എം.ബുക്ക് ഇനം 8 പ്രകാരം 63mm പിവിസി പൈപ്പ് വിരിക്കുന്നതിന് 93രൂപ/m നിരക്കിൽ 12 മീറ്ററിന് 1116 രൂപ അനുവദിച്ചതിനു പുറമെ മോട്ടോർ സ്ഥാപിക്കുന്നതിന് ആവശ്യമില്ലാത്ത പിവിസി 63mm പൈപ്പ് 85 രൂപ നിരക്കിൽ 50 മീറ്റർ വാങ്ങിയതിന് ചെലവായ 4250 രൂപയും 0.5mm GI പൈപ്പ് 320 രൂപ നിരക്കിൽ 24 മീറ്റർ വാങ്ങിയതിന് ചെലവായ 7680 രൂപയും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/16-17/4.8.2017) മറുപടി സമർപ്പിച്ചതിൽ 142 മീറ്റർ ആഴത്തിൽ കിണർ കുഴിച്ചിട്ടുണ്ടെന്നും 120 മീറ്റർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ മോട്ടോർ ഫിറ്റ് ചെയ്യുന്നതിനുള്ള 60mm കോളം പൈപ്പ് 120m മാത്രമാണ് വാങ്ങിയിട്ടുള്ളത് എന്ന് ബില്ലിൽ നിന്നും വ്യക്തമാണ്. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടി അംഗീകരിക്കുന്നില്ല. ഈ ഇനത്തിൽ ചെലവായ 14530 (2600+4250+7680) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മറ്റു അപാകതകൾ താഴെ കൊടുക്കുന്നു

- പൂമരം കോളനി കുടിവെള്ളപദ്ധതിക്കുവേണ്ടി കുമാർ & കമ്പനി, ചെർപ്പുളശ്ശേരി എന്ന സ്ഥാപനം 22.12.2016 ന് സമർപ്പിച്ച ക്വട്ടേഷനിൽ മോട്ടോർ ഉറപ്പിക്കുന്നതിനാവശ്യമായ 2ഇഞ്ച് ഹെവി HDPE പൈപ്പിന് 157രൂപ/m നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പനമണ്ണ പത്തായം കുടിവെള്ളപദ്ധതിയുടെ മോട്ടോർ സ്ഥാപിക്കാൻ ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ട് ലഭ്യമാക്കിയ ഭാരത് ഇലക്ട്രിക്കൽസ്, പട്ടാമ്പി എന്ന സ്ഥാപനത്തിന്റെ ബില്ലിൽ 2ഇഞ്ച് STD രക്ഷ പൈപ്പിന് 260രൂപ/m നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരം 103രൂപ/m നിരക്കിൽ(260-157=103) 120 മീറ്ററിന് 12360 രൂപ അധികം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. മേൽ നിരക്കിന്മേൽ സ്ഥാപനവുമായി നെഗോസിയേഷൻ നടത്താതെ വാങ്ങൽ നടത്തിയതും ക്രമപ്രകാരമല്ല. മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(20/16-17 /8.8.2017) ന് വില കൂടിയതെങ്കിലും ക്വാളിറ്റിയുള്ള പൈപ്പ് വാങ്ങുക എന്ന ഉദ്ദേശത്തിലാണ് കൂടിയ നിരക്കുള്ള പൈപ്പുവാങ്ങിയത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3-5 റോഡ് നിർമ്മാണ പ്രവൃത്തികളിൽ പ്രദർശന ബോർഡിനുള്ള തുക കൈപ്പറ്റിയെങ്കിലും ബോർഡ് സ്ഥാപിച്ചില്ല

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ രണ്ടു നിർമ്മാണ പ്രവൃത്തികളിൽ പ്രദർശനബോർഡ് സ്ഥാപിക്കാൻ 7000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ ഓവർസീയറുടെ

സാന്നിധ്യത്തിൽ 7.8.2017 ന നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രദർശനബോർഡ് സ്ഥാപിച്ചിട്ടില്ലെന്ന് ബോധ്യമായി . വിശദവിവരം താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര് : യാറം പനയൂർ റോഡ് റീ ടാറിങ്

പ്രൊജക്റ്റ് നം. : 57/17

അടങ്കൽ : 300000

ചെലവ് : 297628

എഗ്രിമെന്റ് നം : 8/16-17/AE/19.1.2017

ബിൽ നം : 20/16-17/30.3.2017

എം.ബുക്ക് നം :14/16-17

കരാറുകാരൻ : മോഹനൻ.വി.കെ

2) പദ്ധതിയുടെ പേര് : മലോർമ്മക്കാവ് ഇടവഴി കോൺക്രീറ്റിങ്

പ്രൊജക്റ്റ് നം. : 69/17

അടങ്കൽ : 150000

ചെലവ് : 127276

എഗ്രിമെന്റ് നം : 44/16-17/AE/18.2.2017

ബിൽ നം : 27/16-17/30.3.2017

എം.ബുക്ക് നം :7/16-17

കൺവീനർ : അബ്ദുൾ നാസർ

ബോർഡ് സ്ഥാപിക്കുന്നതിനുവേണ്ടി തുക കൈപ്പറ്റിയെങ്കിലും ബോർഡ് സ്ഥാപിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവായ 14000 (2x7000)രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-6 സമഗ്ര നെൽകൃഷി വികസനം-നെൽവിത്ത് വിതരണം ചെയ്തതിൽ കുറവ് - 3600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം S 0032/16- സമഗ്ര നെൽകൃഷി വികസനം

നിർവ്വഹണം - കൃഷി ഓഫീസർ

അടങ്കൽ - 1641300 വികസന ഫണ്ട് ജനറൽ

ബിൽ നം. J1/16-17തിയതി 17-2-17

ചെലവ് - 953562രൂപ

മേൽ പദ്ധതിക്കായി 227400 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് വിവിധ ഇനം നെൽ വിത്തുക്കൾ KSSDA തൃശ്ശൂരിൽ നിന്ന് വാങ്ങുകയും, പഞ്ചായത്തിലുള്ള എല്ലാ പാടശേഖര സമിതികൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ആയതിൽ പാവുക്കോണം പാടശേഖര സമിതിക്ക് അനുവദിച്ച വിത്തുകളുടെ അളവും, കൃഷിക്കാർ കൈപ്പറ്റിയതായി സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ അളവും തമ്മിൽ വ്യത്യാസമുള്ളതായി കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വിള	നെൽവിത്ത് അനുവദിച്ച അളവ് (kg) (സ്റ്റേറ്റ്മെന്റ് പ്രകാരം)	വിതരണം നടത്തിയ അളവ് (kg)	വ്യത്യാസം (kg)
വിരിപ്പ്	630	450	180

മറ്റ് പാടശേഖര സമിതികളിലെ കർഷകരുടെ ആവശ്യാനുസരണം നെൽവിത്തുകൾ നൽകാറുള്ളതുകൊണ്ട് നെൽവിത്ത് വിതരണത്തിൽ കുറവ് വന്നതെന്ന് 14/4-8-2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചു. ആയത് തൃപ്തികരമല്ല. 180 kg നെൽ വിത്ത് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് രേഖകളുടെ അഭാവത്തിൽ ആയതിന്റെ സബ്സിഡി തുകയായ 3600 രൂപ(180*20) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 180 kg നെൽ വിത്ത് വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി തടസ്സം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-7 ഉഴവ്കൂലി -പഞ്ചായത്ത് വിഹിതം കർഷകർക്ക് നൽകിയിട്ടില്ല.

ബിൽ നമ്പർ J5/16-17 തിയതി 29-3-17 പ്രകാരം 144162

ബിൽ നമ്പർ J3/16-17 തിയതി 21-3-17 പ്രകാരം 562500

കർഷകർക്ക് ഉഴവ് കൂലിയിനത്തിൽ മേൽ പറഞ്ഞ തുകകൾ പിൻവലിച്ചിട്ടുള്ളതും, ആയതിൽ 557568 രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബാക്കി വരുന്ന 149094 രൂപ നാളിതുവരെ കർഷകർക്ക് നൽകാതെ കൃഷി ഓഫീസറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ (A/C.NO. 721021400000065) ൽ അവശേഷിക്കുന്നു. പദ്ധതി തുകകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്. 14/4-8-2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ സഹകരണ

ബാങ്കിൽ അക്കൗണ്ടുള്ള കർഷകരുടെ തുകകൾ അതാതു ബാങ്കുകളിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ കഴിയാതിരുന്നതുകൊണ്ടാണ് ടി എസ് ബി അക്കൗണ്ടിൽ തുക അവശേഷിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. തുക ഉടൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതുമാണ്.

3-8 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നമ്പർ	അടങ്കൽ	ചെലവ്	ബിൽനമ്പർ/തീയതി
ജനറൽ - S 033/17	875000 രൂപ	93750 രൂപ	2/2016-17 തിയതി : 29-3-2017
എസ്.സി.പി S 034/17	375000രൂപ	6250രൂപ	1/2016-17 തിയതി :29-3-2017

മേൽ പദ്ധതികളുടെ ഭാഗമായി 29-3-2017 ൽ മൃഗ സംരക്ഷണ വകുപ്പ് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് (A/C No. 71402140000008) 93750രൂപ, 6250രൂപ എന്നീ തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

5-8-2017 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 18 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനായി മൃഗ സംരക്ഷണ വകുപ്പിനു കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-9 ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അർഹമായ മുഴുവൻ തുകയും വകയിരുത്തിയിട്ടില്ല

പ്രോജക്റ്റ് നം s0042/16- ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ – ICDS സൂപ്പർവൈസർ

അടങ്കൽ - 325000 – വികസന ഫണ്ട് ജനറൽ

ബിൽ നം.11/16-17തിയതി 25/03/2017

പിൻവലിച്ച തുക -325000രൂപ

ഭിന്ന ശേഷിയുള്ള 40 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുവാൻ പഞ്ചായത്ത് വിഹിതമായി 325000 രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയാണ് മേൽ പദ്ധതി

നടപ്പിലാക്കിയത്.

12ാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 4/2016/ത.സ്വ.ഭ.വ തിയതി 11/10/2016 ഖണ്ഡിക5.8 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക ഗ്രാമപഞ്ചായത്തുകൾ വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു വിദ്യാർത്ഥിക്കുവേണ്ടി ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ട വാർഷിക ആനുകൂല്യം 19000രൂപയാണ് (സ്കോളർഷിപ്പ് -12000, വസ്ത്രങ്ങൾക്കുള്ള ബത്ത-800, പഠനസഹായി-1400, യാത്രാബത്ത-4800). ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികളിൽ 1മുതൽ 4വരെയുള്ള വിദ്യാർത്ഥികൾക്ക് 5300രൂപ വീതവും, 5 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് 11900 രൂപ വീതവും, 9 മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്ക് 8000 രൂപ വീതവും വാർഷിക ആനുകൂല്യത്തിന് അർഹതയുണ്ട്. ഈ തുകകൾ ഉൾപ്പെടുത്തി പ്രോജക്ട് ആവിഷ്കരിക്കുന്നതിനു പകരം കുറഞ്ഞ നിരക്ക് ഉൾപ്പെടുത്തിയതിനാൽ ഭിന്ന ശേഷിക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കാതെ പോയത് നിർവ്വഹണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

മാനസ്സിക വെല്ലുവിളി നേരിടുന്നവർ

ക്രമ നമ്പർ	പേര്	ക്ലാസ്	അനുവദിക്കാവുന്ന തുക	അനുവദിച്ച തുക	കുറവ്
1	കൃഷ്ണ പ്രിയ പാവുക്കോണം	+2	19000	10200	8800
2	ദൃഷ്യ ചേരുമ്പറ്റകാവ്	+2	19000	10200	8800
3	പ്രജിത പാവുക്കോണം	+2	19000	10200	8800
4	ഹഫ്സാന പനമണ്ണ	9	19000	10200	8800
5	ഗായത്രി പാവുക്കോണം	9	19000	10200	8800
6	മുഹമ്മദ് ഷാഫി അമ്പലവട്ടം	9	19000	10200	8800
7	ഷാക്കിർ പാവുക്കോണം	9	19000	10200	8800
8	ആഷിഫ് ശരീഫ് പനമണ്ണ	8	19000	10200	8800
9	ഫാത്തിമ ശഹ്മ പാതംകുളം	8	19000	10200	8800
10	മുഹ്സിന പാവുക്കോണം	8	19000	10200	8800
11	അഖിൽ കൃഷ്ണൻ അമ്പലവട്ടം	8	19000	10200	8800
12	മുഹമ്മദ് റഷീദ് പനമണ്ണ	7	19000	10200	8800
13	ഉഷാദേവി അമ്പലവട്ടം	7	19000	10200	8800
14	നസീറ അമ്പലവട്ടം	6	19000	10200	8800

15	സന്തോഷ് പനമണ്ണ	5	19000	10200	8800
16	നിനിത അമ്പലവട്ടം	5	19000	10200	8800
17	മുബീന പനമണ്ണ	3	19000	10200	8800
18	മുഹമ്മദ് ഷെബിൻ	3	19000	10200	8800
19	ഫാത്തിമത്തുൽ ഷംനാസ്	2	19000	10200	8800
20	ഫിദ ഫാത്തിമ പാതംകുളം	1	19000	10200	8800
21	അർജ്ജുൻ കൃഷ്ണ അമ്പലവട്ടം	1	19000	10200	8800
22	റഹ്മത്ത് പാവുക്കോണം	1	19000	10200	8800
23	വിഷ്ണ പാതംക്കുളം	1	19000	10200	8800
	ആകെ		437000	234600	202400

ശാരീരിക വൈകല്യമുള്ളവർ

ക്രമ നമ്പർ	പേര്	ക്ലാസ്	അനുവദിക്കാവുന്ന തുക	അനുവദിച്ച തുക	കുറവ്
1	അജയ് അമ്പലവട്ടം	+2	8000	6000	2000
2	രഞ്ജിത പനമണ്ണ	+1	8000	6000	2000
3	വിഷ്ണ വി.കെ.പാതംക്കുളം	+1	8000	6000	2000
4	അബ്ദുറഹ്മാൻ പനമണ്ണ	9	8000	6000	2000
5	നസ്രീന പനമണ്ണ	9	8000	6000	2000
6	മുബാഷിറ പാവുക്കോണം	9	8000	6000	2000
7	റഹ്മത്ത് പനമണ്ണ	9	8000	6000	2000
8	ഖലീൽ റഹ്മാൻ പാതകളം	9	8000	6000	2000
9	മുഹമ്മദ് ഷംഷീർ പാതംക്കുളം	8	6600	4900	1700
10	ശ്രീജിത്ത് പാവുക്കോണം	8	6600	4900	1700
11	രഞ്ജിത്ത് അമ്പലവട്ടം	7	6600	4900	1700
12	നന്ദന പാതംക്കുളം	7	6600	4900	1700
13	ശുര്യൻ അമ്പലവട്ടം	6	6600	4900	1700
14	മുഹമ്മദ് മുസ്തഫ പാവുക്കോണംമ	6	6600	4900	1700

15	മുഹമ്മദ് സവദ് പനമണ്ണ	5	6600	4900	1700
16	മുഹമ്മദ് ഫാരിസ് പനമണ്ണ	4	5300	4050	1250
17	റസിയ പനമണ്ണ	4	5300	4050	1250
	ആകെ		120800	90400	30400

ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും വകയിരുത്തി പദ്ധതി ആവിഷ്കരിക്കുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതും സർക്കാർ അനുവദിച്ച അതേ നിരക്കിൽ ധനസഹായം ഗുണഭോക്താക്കൾക്ക് ലഭിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3-10 തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2016-17സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ (31404*12) 376848/-രൂപകെ.എസ്.ഇ.ബി കോതകുർശ്ശി ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട് .സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പേജ് 29 പ്രകാരം തെരുവു വിളക്കുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

ഇനം	വാട്സ്	എണ്ണം
ഡബിൾ ട്യൂബ്	2*40w	81
എസ്.വി . ലാമ്പ്	250w	15
സി.എഫ്.എൽ . ലാമ്പ്	2*11w	545
ഓർഡിനറി ബൾബ്	60w	80

ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറിക്കുള്ള കത്തിൽ) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 03/01.08.17 യ്ക്ക് സംയുക്ത പരിശോധന നടത്തുന്നതിനും മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിനും കെ.എസ്.ഇ.ബി കോതകുർശ്ശി ഇലക്ട്രിക്കൽ സെക്ഷന് കത്ത് നൽകിയിട്ടുണ്ടെന്നും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 60w സാധാരണ ബൾബുകൾ വാങ്ങിയിട്ടില്ല എന്ന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ വ്യക്തമായി. നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് ഉയർന്ന നിരക്കിൽ വൈദ്യുതി ചാർജ് ഒടുക്കുന്നത് തനതുഫണ്ടിന് നഷ്ടം ഉണ്ടാക്കുന്നു. വൈദ്യുത ഉപയോഗം കൂടുതലുള്ള സാധരണ ബൾബ് 40 w, സാധരണ ബൾബ് 60 w,സോഡിയം വേപ്പർ ലാമ്പ് 250 w , ഡബിൾ ട്യൂബ് ലൈറ്റ് തുടങ്ങിയ ഉപയോഗക്ഷമത കുറവും ഊർജ്ജ ഉപഭോഗം കൂടുതലുള്ളതുമായ ബൾബുകൾക്ക് പകരം ഊർജ്ജ ഉപഭോഗം കുറവും വെളിച്ചം കൂടുതലുമുള്ള സി.എഫ്. എൽ , എൽ. ഇ.ഡി. ലാമ്പുകൾ എന്നിവ സ്ഥാപിച്ച് ഊർജ്ജ സംരക്ഷണം ഉറപ്പുപരുത്താൻ ശ്രദ്ധിക്കേണ്ടതാണ് . നിലവിലുള്ള തെരുവു വിളക്കുകളുടെ ഇനം, എണ്ണം എന്നിവ പഞ്ചായത്തുതല ജനകീയ സമിതി യോഗം ചേർന്ന് പരിശോധിച്ച് പ്രകാശിക്കുന്ന ഉപകരണങ്ങൾക്കുമാത്രം വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-11 KSEB ഡെപ്പോസിറ്റ് പ്രവൃത്തികൾ-ബാക്കി തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികൾക്കായി KSEB ഇലക്ട്രിക്കൽ സെക്ഷൻ കോതകുർശ്ശി അസി,എഞ്ചിനീയരുടെ കാര്യാലയത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

ക്രമ	പ്രൊജക്ട് നം, പേര്	ബിൽ നം/തിയ്യതി.	തുക	വൌച്ചർ നം/തിയ്യതി.

നം				
1	131/16-17 ഗതാഗതത്തിന് തടസ്സമായിട്ടുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റൽ	1)19/16-17/30.3.17	233240	21600886 /31.3.17
		2)20/16-17-30.3.17	50000	21600893 /31.3.17
2		ആകെ	283240	

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 05/01.08.17 യ്ക്ക് KSEB ഇലക്ട്രിക്കൽ സെക്ഷൻ കോതകുർശ്ശി അസി,എഞ്ചിനീയരുടെ 04.08.2017 ലെ DB/ KKSY/17-18/16 നം കത്ത് പ്രകാരം എസ്റ്റിമേറ്റ് പ്രകാരം അടവാക്കിയ 283240 രൂപയിൽ 278675/-രൂപ പ്രവൃത്തിക്കായി വിനിയോഗിച്ചതായി സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ആയതിനാൽ അവശേഷിക്കുന്ന 4565/- രൂപ തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-12 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല.

2016-17 വർഷത്തിൽ താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കെ എസ് ഇ ബി കോതകുർശ്ശി ഇലക്ട്രിക്കൽ സെക്ഷനിൽ ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയിട്ടുണ്ട്.

ക്രമ നം	കൺസ്യൂമർ നം.	കുടിവെള്ള പദ്ധതി	വൈദ്യുതി ചാർജ്ജ്
1	1165427008348	പനമണ്ണ	246726
2	1165429010902	കാഞ്ഞിരം നവോദയ	
3	1165429010905	കരിമ്പനത്തോട്ടം	

4	1165423013428	പനമണ്ണ അമ്പലവട്ടം	
5	1165429015371	ആലാച്ചി	
6	1165423017508	10-ാം മൈൽ	
7	1165428017635	പത്തംകുളം	
8	1165420017700	വെള്ളിനാംകുന്ന്	
9	1165427017882	അയ്യപ്പൻ തറ	
10	1165421017132	ഗണപതിപ്പാറ	
11	ആകെ		246726

സർക്കാർ ഉത്തരവ് (സാ .) 1275 /2009 / ത.സ്വ. ഭ . വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം 06/01.08.17 യ്ക്ക് പൊതുടാപ്പുകൾ മാത്രമുള്ളതിനാലാണ് മേൽ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, മെയിന്റനൻസ് ചെലവ് എന്നിവ ഗ്രാമപഞ്ചായത്തിൽ നിന്നും അടവാക്കിയതെന്നും കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നും (24.07.2017 ലെ 26-ാം നമ്പർ തീരുമാനം) ഗുണഭോക്തൃസമിതികൾ രൂപീകരിക്കുന്ന മുറയ്ക്ക് ഗാർഹിക കണക്ഷൻ നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികളെ ഏൽപ്പിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-13 തൊഴിൽ ചെയ്യുന്നതിന് ഇരുചക്രവാഹനം നൽകൽ -വിനിയോഗിക്കാത്ത തുക സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.

പ്രൊജക്റ്റ് നം 135/16-17 തൊഴിൽ ചെയ്യുന്നതിന് ഇരുചക്രവാഹനം നൽകൽ

അടങ്കൽ -ഗ്രാമപഞ്ചായത്ത് -10000

ബ്ലോക്ക് പഞ്ചായത്ത് -10000/

ജില്ലാ പഞ്ചായത്ത് -60000/-

ആകെ 80000/-

നിർവ്വഹണം അസി. സെക്രട്ടറി

ബിൽ നം 12/16-17 തീ 27.03.17.

ജി.ഒ (എം എസ്)4/2016/ത സ്വ ഭ വ തീ 11.01.2016 പ്രകാരമുള്ള സബ്സിഡി മാർഗരേഖ

അനുബന്ധം 15 ഖണ്ഡിക 3.7(5) അനുസരിച്ച് ഇരുചക്രവാഹനം വാങ്ങുന്നതിന് പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി സബ്സിഡി തുക 20000/- രൂപയാണ് എന്നിരിക്കെ ഈ വിഭാഗത്തിലെ 2 യുവാക്കൾക്ക് സ്വയം തൊഴിൽ ചെയ്യാൻ ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്റ്റിൽ 40000 രൂപ(20000x2) വകയിരുത്തുന്നതിനു പകരം സബ്സിഡി തുക 80000/-രൂപ(40000*2=80000/-) സബ്സിഡിയായി വകയിരുത്തുകയും അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇത് സബ്സിഡി മാർഗരേഖയ്ക്കു വിരുദ്ധമാണ്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു

ക്രമ നം	ഗുണഭോക്താക്കളുടെ പേര് വിലാസം
1	സതീഷ്,അഷ്ടത്തുമന കോളനി മുണ്ടനാട്ടുകര, പാവുക്കോണം
2	രാമൻ ചീനിക്കുന്നത്ത്, പാവുക്കോണം

മറ്റു സ്ഥാപനങ്ങളുടെ വിഹിതം ലഭിക്കുന്നതിനു മുമ്പ് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായ 10000 രൂപ പിൻവലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയുടെ സ്പെഷൽ ടി എസ് ബി അക്കൌണ്ടിൽ(STSB 799011400002006-sub tresuary ottapalam) നിക്ഷേപിച്ചിട്ടുണ്ടെങ്കിലും തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. പദ്ധതി തുക പിൻവലിച്ച് സേവിങ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളുമായി ചേർന്നു നടപ്പിലാക്കുന്ന പ്രൊജക്റ്റുകളിൽ അവരുടെ വിഹിതം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ആയതും നിർവ്വഹിക്കപ്പെട്ടിട്ടില്ല(മാർഗരേഖ ഖണ്ഡിക 6.15(vii) ഡി). മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 08/06.08.17) സബ്സിഡി തുക വകയിരുത്തിയത് മാർഗരേഖയ്ക്ക് വിരുദ്ധമാണെന്ന് അറിയാമായിരുന്നെന്നും ഡി.പി.സി,പ്ലാനിംഗ് ഓഫീസ് എന്നിവിടങ്ങളിൽ അറിയിച്ചപ്പോൾ തുക വകയിരുത്തിയത് ശരിയാണെന്നും ജില്ലാപഞ്ചായത്തിൽ നിന്നും നൽകിയ നിർദ്ദേശ

പ്രകാരമാണ് ടി പ്രൊജക്ട് ഭരണസമിതി അംഗീകരിച്ചതെന്നും, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളോട് കരാർ വെക്കുന്നതിന് ആവശ്യപ്പെട്ടിട്ടും ആയത് പാലിച്ചിട്ടില്ല എന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതം സെക്രട്ടറിയുടെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് വിനിയോഗിച്ചിട്ടില്ല എന്നും പ്രൊജക്ടിനായി പിൻവലിച്ച തുക സർക്കാറിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. 2017-18 വർഷത്തിൽ പ്രസ്തുത പ്രൊജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടില്ല ആയതിനാൽ പദ്ധതി തുക (ബ്ലോക്ക് വിഹിതം ഉൾപ്പെടെ) കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഭാവിയിൽ പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ എല്ലാ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതി പേര്,നം	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ജില്ലാ പഞ്ചായത്ത്	225000	ഉഴവു കൂലി നം.8/17	225000	ഇല്ല
ബ്ലോക്ക് പഞ്ചായത്ത്	10000	തൊഴിൽ ചെയ്യുവാൻ ഇരുചക്രവാഹനം 135/16-17	ഇല്ല	10000

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/ ചെക്ക് നമ്പർ	തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ബാക്കി തുക
കെ എസ്.ഇ ബി	ഇലക്ട്രിക് പോസ്റ്റ് മാറ്റൽ 131/16-17	19/16-17 30.3.2017 20/16-17 30.3.2017	233240 50000	278675	പൂർത്തീകരിച്ച	4565

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഒന്നുമില്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	37008466
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	33115075
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	32010

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1983245

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3	3480	ശുഭ. പി .വി അസി എഞ്ചിനിയർ
3-4	14530	-ടി-
3-5	14000	-ടി
	32010	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും
3-1	34416	ശുഭ. പി .വി അസി എഞ്ചിനിയർ
3-2	1507779 437450	ശുഭ പി വി ,അസി എഞ്ചീനീയർ അഭിലാഷ് കൃഷ്ണൻ,അസി.എഞ്ചീനീയർ
3-6	36600	സരിത.വി.എസ്. കൃഷി ഓഫീസർ
ആകെ	1983245	

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശുഭ. പി.വി.	സേവനത്തിലില്ല	പുതുവശ്ശേരി വീട് നെടുമ്പാശ്ശേരി പി.ഒ അത്താണി,ആലുവ

		683585

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
1996-97	LFP8/308 /98/18-6-1998	പുനരഭിപ്രായക്കുറിപ്പ്
1997-98	LFP8/849 /02/19-92002	-ടി-
1998-99	LFP14/848 /02/9-9-2002	-ടി-
1999-00	LFP14/896 /063-11-2008	-ടി-
2000-01	LFP14/870 /06/30-11-2009	-ടി-
2001-02	LFP14/871 /06/30-11-2009	-ടി-
2002-03	LFP14/872 /06/30-11-2009	-ടി-
2003-04	LFP14/873 /06/30-11-2009	-ടി-
2004-05	LFP17/12/17-9-2012	-ടി-

2005-06	LFP16/12/10-4-2013	-ടി-
2006-07	LFP16/19/20-9-2012	-ടി-
2007-08	LFP1618576-5-13/	-ടി-
2008-09	LFP16/966/17-7-12	-ടി-
2009-10	LFP16/965 /12/3-8-12	-ടി-
2010-11	LFP16/859 /13/2-12-2013	-ടി-
2011-12	LFP16/1274/14/21 /10/2014	ഓഡിറ്റ് റിപ്പോർട്ട്
2012-13	LFP16/188 /2015/7-3-2015	ഓഡിറ്റ് റിപ്പോർട്ട്
2013-14 2014-15	KSA PKD 16/1191 /2016/14.7.2016	ഓഡിറ്റ് റിപ്പോർട്ട്
2015-16	KSA PKD16/89 /17/11.01.2017	ഓഡിറ്റ് റിപ്പോർട്ട്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>അനുബന്ധം</u>

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി.പി16-1651/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ കാര്യാലയം,പാലക്കാട്.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അനങ്ങനടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. വാടകയിനത്തിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് തകയും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD16-1651/2017

Kerala State Audit Department

District Audit Office,Palakkad

Date 02.09.2017.

Audit Certificate

Certified that I have audited the Annual Financial Statement of Ananganadi Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions

In my opinion, the Financial Statements of Ananganadi Gramapanchayat Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.
3. The balance of rent as per in the Demand register is not aggreed with that of in the Balance sheet.

Deputy Director.